(b) The accommodations available in Ernakulam, Kottarakara, Alleppey, Kozhikode and Alwaye are not quite adequate for offices and workshops.

(c) Steps are being taken to acquire more land for construction of buildings.

(d) In Kozhikode, the District Office and Garage are housed in a rented building.

(e) The accommodation is not quite satisfactory.

(f) Action is being taken to acquire an area of 2.59 acres in T. S. Nos, 864/1 and 881/1 in Ward No. 5, Block 18 and 19 within the Kozhikode Corporation limit to construct suitable buildings and garage.

''ഹിൽടാക്''റ്റ് ഏരിയ''യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ.

* 391. [40] ശ്രീ. കെ. വി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ''ഹിൽടാക്''റ്റ് ഏരിയ''യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം ;

(ബി) 'ഹിൽടാക്''റ്റ് ഏരിയ'യായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ജോലിനോക്കുന്ന എല്ലാ ഗവണ്മെന്റ് ജീവനക്കാർക്കും 'ഹിൽടാക്''റ്റ്' അലവൻസിന്നർഹതയുണ്ടോ ;

(സി) ഹിൽടാക്''റ്റ് ഏരിയായിൽ ജോലിനോക്കുന്ന എല്ലാ ഗവണ്മെന്റ് ജീവനക്കാർക്കും ഈ അലവൻസ് കൊടുക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ദേവികുളം താലൂക്കും, കേരള സബ്ഡിവിഷൻ റൂൾസ് ഒമ്പതാം അനുബന്ധത്തിൽ ക്ലാസ് 1 ടാക്''റ്റായി വിവരിച്ചിട്ടുള്ള പീരുമേട്, ഉടുമ്പഞ്ചോല എന്നീ താലൂക്കുകളുടെ ഭാഗങ്ങളും, ചാലക്കുടി, തൃശ്ശൂർ ഡിവിഷനുകളിൽപ്പെട്ട ഹിൽസ്റ്റേഷനുകളും ഉൾപ്പെടെയുള്ള സ്ഥലങ്ങളെയാണ് ഈ സംസ്ഥാനത്തിലെ 'ഹിൽടാക്''റ്റ് ഏരിയ'കളായി കരുതപ്പെട്ടിട്ടുള്ളത്.

(ബി) ഇല്ല. ഹിൽടാക്''റ്റ് ഏരിയായിൽ ജോലി നോക്കുകയും അവിടെത്തന്നെ താമസിയ്ക്കുകയും ചെയ്യുന്ന ഗവണ്മെന്റ് ജീവനക്കാർക്ക് മാത്രമേ കേരള സബ്ഡിവിഷൻ റൂൾസ് നാലാം അനുബന്ധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കോമ്പൻസേറ്ററി അലവൻസിന്നർഹതയുള്ളൂ.

(സി, ഡി) മേല്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

മദ്യപിക്കാൻ കൊടുത്തിട്ടുള്ള പെർമിറ്റ്.

* 392. [46] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിൽ എത്ര പേർക്ക് മദ്യനിരോധന മേഖലയിൽ മദ്യപിക്കാൻ പെർമിറ്റ് കൊടുത്തിട്ടുണ്ട് ;

(ബി) അവരിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ ഉണ്ട് ;

(സി) അവർ ആരെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 2 (രണ്ടു) പേർക്കു്.

(ബി) ആരുമില്ല.

(സി) ഉദിക്കുന്നില്ല.

മൂന്നാം പഞ്ചവത്സരപദ്ധതിയുടെ നാലാം വർഷത്തേക്കു് വേണ്ടിവരുന്ന ചെലവു്.

* 393. [48] ശ്രീ. പി. ആർ. ഫ്രാൻസിസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ മൂന്നാം പഞ്ചവത്സരപദ്ധതിയുടെ 4—ാം വർഷത്തേക്കു് ആകെ എത്ര രൂപാ ചെലവുവരുമെന്നാണു് പ്രതീക്ഷിക്കുന്നതു് ;

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും എത്ര പ്രതീക്ഷിക്കുന്നു, ; സ്റ്റേറ്റു ഗവണ്മെൻറിൻെറ വിഹിതം എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) ഈ സഭയിൽ അവതരിപ്പിക്കുന്ന 1964—65—ലെ ബഡ്ജറ്റു് പ്രമാണങ്ങളിൽ നിന്നും ഈ വിവരങ്ങളം ലഭിക്കുന്നതാണു്.

UNSTARRED QUESTIONS AND ANSWERS

കേരള സാഹിത്യസമിതി യോഗം.

60. [2] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു വച്ചുകൂടിയ കേരള സാഹിത്യസമിതി യോഗം ഇതിനിടെ പാസ്സാക്കിയ ചില പ്രമേയങ്ങളം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ ;

(ബി) ഡിസംബർ 23—ാം നു-ത്തെ മാതൃഭൂമി പത്രത്തിൽ വന്ന റിപ്പോർട്ടിൽ ഗവണ്മെൻറു് ഉദ്യോഗസ്ഥന്മാരായ സാഹിത്യകാരന്മാരെ ഞെരുക്കുന്ന ഗവണ്മെൻറിൻെറ നടപടികളിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി എന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എന്താണു് ഇങ്ങനെ അവ്യക്തമായ പ്രമേയം പാസ്സാക്കിയതു് എന്നു് ഗവണ്മെൻറു് അന്വേഷിക്കുമോ ;

(ഡി) ഗവണ്മെൻറുദ്യോഗസ്ഥന്മാരായ സാഹിത്യകാരന്മാരുടെ ലിസ്റ്റു ഗവണ്മെൻറിൻെറ കൈവശമുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അന്വേഷിക്കാം.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly